# Deepika

## 27 August 2018

## Alappuzha; After Flood, Flood Relief, Cleaning, Kuttanad

### പ്രളയ ഗ്രാമസഭ ഇന്ന്

# കുട്ടനാടിന്റെ മഹാശുചീകരണം 28 മുതൽ

**ആലപ്പുഴ:** കുട്ടനാടിന്റെ മഹാശുചീകരണത്തിനു തയാറെടുത്ത് ആലപ്പുഴ ജില്ല. സുരക്ഷിത ക്യാമ്പുകളിലേക്കു മാറിയ കുട്ടനാട്ടുകാർക്കു തിരികെ വീട്ടിലേക്കു പോകുന്നതിനുള്ള സാഹചര്യം ഒരുക്കാനായി 28, 29 തീയതികളിൽ മഹാശുചീകരണ യജ്ഞം നടത്തും. ജില്ലാ ഭരണകൂടവും തദ്ദേശഭരണ സ്ഥാപന പ്രതിനിധികളും സന്നദ്ധപ്രവർത്തകരും വിവിധ വകുപ്പുകളും സാങ്കേതികവിദ്യയും ഒരുപോലെ കൈകോർത്തുള്ള പദ്ധതിയാണു നടപ്പാക്കുന്നത്. പൊതുമരാമത്തുമന്ത്രി ജി. സുധാകരൻ, ധനകാര്യമന്ത്രി ടി.എം. തോമസ് ഐസക്ക്, ഭക്ഷ്യമന്ത്രി പി. തിലോത്തമൻ തുടങ്ങിയവർ ഇന്നലെ ഇതിന്റെ ഒരുക്കങ്ങൾക്കു നേതൃത്വം നൽകി.




16 പഞ്ചായത്തുകളിലായി 226 വാർഡുകളിൽ ഉള്ളവരെയാണു പുനരധിവസിപ്പിക്കേണ്ടത്. അതിനുള്ള കർമപദ്ധതി പൂർത്തിയാക്കി. കുട്ടനാടിന്റെ ശുചീകരണത്തിന് 60,000 പേരെയാണ് ലക്ഷ്യമിടുന്നത്. ഓരോ വീട്ടിൽനിന്ന് ഒരു അംഗമാകുമ്പോൾ തന്നെ 50,000 പേർ വരും. കൂടാതെ അയ്യായിരം പേരെ ജില്ലയ്ക്കു അകത്തുനിന്നും അയ്യായിരം പേരെ ജില്ലയുടെ പുറത്തുനിന്നും സന്നദ്ധ സേവനത്തിനു ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

ഓരോ പഞ്ചായത്തിൽനിന്നുള്ളവരെയും പ്രത്യേക കേന്ദ്രങ്ങളിലേക്കു മാറ്റി അവിടെനിന്നു റോഡ് മാർഗം അല്ലെങ്കിൽ ബോട്ട് മാർഗം അവരവരുടെ വീടുകളിൽ എത്തിക്കുക എന്നതാണു പദ്ധതി. ഇതിന്റെ കാര്യങ്ങൾ ആലോചിക്കുന്നതിനു പ്രളയ ഗ്രാമസഭ ഇന്നു നടക്കുമെന്നു മന്ത്രിമാർ പറഞ്ഞു. ശുചീകരണ പ്രക്രിയയുടെ ഘട്ടങ്ങൾ അവലോകനം ചെയ്യാൻ ധനമന്ത്രി തോമസ് ഐസക്, മന്ത്രി പി. തിലോത്തമൻ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക യോഗം കളക്ടറേറ്റിൽ ചേർന്നു. 30നു തിരിച്ചു വീടുകളിലേക്കു പോകാവുന്നവരെ തിരിച്ചയയ്ക്കും. അല്ലാത്തവരെ പ്രത്യേക ക്യാമ്പുകളിലേക്കു മാറ്റും.

എ.സി. റോഡിലെ വെള്ളം വറ്റിക്കാനുള്ള നടപടി അടിയന്തരമായി നടക്കുകയാണ്. 30 ശക്തിയേറിയ പമ്പുകൾ കൂടി മഹാരാഷ്ട്ര മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം ആലപ്പുഴയിലെത്തിക്കുന്നുണ്ട്.

പമ്പിംഗ് സബ്സിഡി നൽകാനുള്ള തുക ഒരുമാസം മുമ്പുതന്നെ അനുവദിച്ചിട്ടുള്ളതാണെന്ന് ധനമന്ത്രി തോമസ് ഐസക് പറഞ്ഞു. അതു നൽകാനുള്ള തടസം നീക്കും. മടവീണ ബണ്ടുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള തുക ദുരന്ത നിവാരണ ഫണ്ടിൽനിന്നു നൽകും.

31നു കുട്ടനാട് പ്ലാസ്റ്റിക് വിരുദ്ധ ദിനമായി ആചരിക്കും. സന്നദ്ധ പ്രവർത്തനത്തിൽ ഇറങ്ങുന്നവർക്കും ക്യാമ്പിൽനിന്നു മടങ്ങുന്നവർക്കും ഭക്ഷണം ക്രമീകരിക്കും. കുട്ടനാട്ടിൽ ഒരു റേഷൻ കട മാത്രമാണ് മുങ്ങാതെ അവശേഷിക്കുന്നതെന്നു മന്ത്രി പി തിലോത്തമൻ യോഗത്തിൽ പറഞ്ഞു.

ബോട്ടിലോ വള്ളത്തിലോ റേഷൻ വിതരണം നടത്തുന്നതിനെക്കുറിച്ചാണ് ഇപ്പോൾ ആലോചന. കൂടാതെ താത്കാലിക സംവിധാനം മറ്റ് കെട്ടിടത്തിൽ ഒരുക്കി റേഷൻ വിതരണം നടത്തും.